LIBRARY ARCHIVES Kerala Legislative Assembly

സർക്കാർ മദ്യനയം

111 (112) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ പുതിയ മദ്യനയം പ്രഖ്യാപിച്ചതിനുശേഷം എത്ര ബാറുകളാണ് അടച്ചുപൂട്ടിയിട്ടുള്ളത് ;

(ബി) ഇവയിൽ എത്രയെണ്ണമാണ് ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം തുറന്നുപ്രവർത്തിക്കുന്നത് ;

(സി) ബിവറേജസ് കോർപ്പറേഷന്റെ എത്ര വില്പന കേന്ദ്രങ്ങളാണ് ഈ നയത്തിന്റെ ഭാഗമായി അടച്ചുപൂട്ടിയിട്ടുള്ളത് ;

(ഡി) ബാറുകൾ അടച്ചതിനെത്തുടർന്ന് ബിവറേജസ് കോർപ്പറേഷൻ വഴി മദ്യവില്പന കൂടി എന്ന പറയുന്നതു ശരിയാണോ ;

(ഇ) മദ്യനയം പ്രഖ്യാപിച്ചതിനുശേഷം സംസ്ഥാനത്ത് മദ്യവില്പനയുടെ മാസംതോറുമുള്ള കണക്ക് വ്യക്തമാക്കാമോ ;

(എഫ്) പ്രസ്തുത കണക്ക് മദ്യനയം നടപ്പിലാക്കുന്നതിന് മുമ്പുള്ളതിനേക്കാൾ കൂടുതലാണോ കുറവാണോ എന്നതിന് ഓരോ മാസവുമെടുത്തും കണക്ക് ലഭ്യമാക്കാമോ ?

ഉത്തരം

(എ) 711

(ബി) 291

(സി) 34

(ഡി) ബാറുകൾ അടച്ചതിനെത്തുടർന്ന് 2014-15 സാമ്പത്തിക വർഷത്തിൽ ഏപ്രിൽ മുതൽ ഓഗസ്റ്റ് വരെയുള്ള ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന്റെ വില്പന 2013-14 സാമ്പത്തിക വർഷവുമായി താരതമ്യം ചെയ്യുമ്പോൾ 1%ത്തിന്റെ കുറവും ബിയറിന്റെ വിൽപ്പനയിൽ 6% ത്തിന്റെ കുറവും രേഖപ്പെടുത്തിയിട്ടുണ്ട്.

(ഇ) വിശദാംശം അനുബന്ധം - I ആയി ചേർക്കുന്നു.*

(എഫ്) വിശദാംശം അനുബന്ധം - II ആയി ചേർക്കുന്നു.*

മദ്യത്തിൽനിന്നുള്ള വരുമാനം

112 (113) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.